കെ.എസ്.ആർ.ടി.സി. യിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ അഭാവം പരിഹരിക്കാൻ നടപടി

144 (5364) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്:ആർ.ടി.സി.-യിൽ ഏതെല്ലാം മേഖലകളിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കുമോ ; കെ.എസ്.ആർ.ടി.സി.-യുടെ വർദ്ധിച്ചുവരുന്ന നഷ്ടത്തിനു കാരണം മാനേജ്മെന്റ് വിദഗ്ദ്ധരുടെ അഭാവമാണോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.യിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമല്ല. കെ. എസ്. ആർ. ടി. സി.യിൽ ചാർട്ടേഡ് അക്കൗണ്ടന്റ്, കമ്പ്യൂട്ടർ എക്സ്പെർട്ട് എന്നീ മേഖലകളിൽ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ആവശ്യമാണ്. ടി വിദഗ്ദ്ധരുടെ അഭാവം മാത്രമല്ല സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. കെ. എസ്. ആർ. ടി. സി.യുടെ വർദ്ധിച്ചു വരുന്ന നഷ്ടം കുറയ്ക്കുന്നതിനായി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പെൻഷൻ ഫണ്ട് രൂപീകരിക്കാതെ പെൻഷൻ നൽകാൻ തീരുമാനം എടുത്തതുമൂലം കോർപ്പറേഷൻ ഫണ്ടിൽ നിന്ന് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യേണ്ടി വരുന്നതും, മുൻകാലങ്ങളിലുണ്ടായ സാമ്പത്തിക ബാദ്ധ്യത കൊടുത്തു തീർക്കേണ്ടി വന്നതും ഡീസലിന്റെ അടിക്കടിയുണ്ടാകുന്ന വില വർദ്ധനവും, ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണവും , ഡി. എ. നൽകേണ്ടി വന്നതും ആണ് കോർപ്പറേഷന്റെ സർവ്വീസ് ഓപ്പറേഷൻ ലാഭകരമായി നടക്കുന്നെങ്കിലും സാമ്പത്തിക നഷ്ടത്തിനു കാരണം.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. പാഴ്സൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

145 (5365) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പാഴ്സൽ സർവ്വീസ് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly